## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1907 05.10.2016 ന് മറുപടിയ്ക്ക്

**നെയ്യാർ ഡാംകേന്ദ്രമാക്കി പ്രവർത്തിക്കുന്ന മാൻപാർക്ക്, ലയൺ സഫാരി പാർക്ക്, ചീങ്കണ്ണി പാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നെയ്യാർ ഡാം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മാൻപാർക്ക്, ലയൺ സഫാരി പാർക്ക്, ചീങ്കണ്ണി പാർക്ക് എന്നിവയുടെ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ ഇടപെടൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) നെയ്യാർ ഡാമിലെ മാൻ, ലയൺ സഫാരി, ചീങ്കണ്ണി പാർക്കുകളുടെ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇവയുടെ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; | (ബി) ലയൺ സഫാരി പാർക്കിലേക്ക് ഒരു ജോഡി സിംഹത്തെ ഗുജറാത്തിലെ സക്കർബാഗ് മൃഗശാലയിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നെയ്യാർ ഡാമിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സന്ദർശകർക്കായുള്ള ക്യാന്റീൻ സൗകര്യം പുതുക്കി കൂടുതൽ ഉപയോഗ യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി)മുൻ സർക്കാരിന്റെ കാലത്ത് നെയ്യാർഡാം മാൻപാർക്ക്,ചീങ്കണ്ണി പാർക്ക്, ലയൺ സഫാരി പാർക്ക് എന്നിവയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തായെന്നും വിശദീകരിക്കാമോ? | (സി) പുനരുദ്ധാരണത്തിനായി പുതിയ പദ്ധതികളൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. അതാതു വർഷത്തിലാവശ്യമായ മെയിന്റനൻസ് വർക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ